# മാധ്യമലോകം വിപണിയുടെ കുടുക്കിൽ -ജി.സാജൻ

Mathrubhumi
dt. 1/11/2019




▶ വികസനോന്മുഖ മാധ്യമപ്രവർത്തനത്തെക്കുറിച്ചുള്ള ശില്പശാലക്കെത്തിയ ദൂരദർശൻ ഡെപ്യൂട്ടി ഡയറക്ടർ ജി.സാജന് തോട്ടവിള ഗവേഷണകേന്ദ്രം ഡയറക്ടർ ഡോ. അനിതാ കരുൺ ഉപഹാരം നൽകുന്നു

**കാസർകോട്** ▸ വിപണി നിയന്ത്രിക്കുന്ന ഇന്നത്തെ ലോകത്ത് മാധ്യമപ്രവർത്തകൻ എവിടെ നിൽക്കണമെന്ന് സ്വയം തീരുമാനിക്കണമെന്ന് ന്യൂഡൽഹി ദൂരദർശനിലെ ഡെപ്യൂട്ടി ഡയറക്ടർ ജി.സാജൻ അഭിപ്രായപ്പെട്ടു. വിപണിയുടെ കുടുക്കിൽപ്പെട്ടുനിൽക്കുകയാണ് മാധ്യമലോകം.

സ്വാതന്ത്ര്യാനന്തരകാലത്ത് ദേശീയതയിലും രാജ്യത്തിന്റെ പുരോഗതിയിലുമാണ് മാധ്യമങ്ങൾ ഊന്നിയതെങ്കിൽ ഇന്ന് ആളുകൾക്ക് ഇഷ്ടപ്പെടുന്ന വാർത്തകൾക്കാണ് പ്രാധാന്യം. ആഴമുള്ള വാർത്തകളും വിരളം -കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രവും കാസർകോട് പ്രസ് ക്ലബ്ബും കേന്ദ്രസർവകലാശാലയുമായി സഹകരിച്ച് വികസനോൻമുഖ പത്രപ്രവർത്തനത്തക്കുറിച്ച് നടത്തിയ ശില്പശാലയിൽ അദ്ദേഹം പറഞ്ഞു.

സ്വാതന്ത്ര്യത്തിനുമുമ്പ് രാജ്യത്തെ ഏറ്റവും മഹാനായ പത്രാധിപരായിരുന്നു മഹാത്മാഗാന്ധി. നാല് പ്രസിദ്ധീകരണങ്ങളുടെ ചുമതല അദ്ദേഹം വഹിച്ചു. ഓരോന്നിനും ഓരോ ലക്ഷ്യമുണ്ടായിരുന്നു. പരസ്യം വാങ്ങുന്നതിനെതിരായിരുന്നു അദ്ദേഹം. ഇന്ന് നിശ്ചിതവിഭാഗത്തെ ലക്ഷ്യംവെച്ച് പ്രസിദ്ധീകരിക്കപ്പെടുന്നത് എന്തുകൊണ്ട് ഫലപ്രദമാകുന്നില്ലെന്ന് ആലോചിക്കേണ്ടതുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

തോട്ടവിള ഗവേഷണകേന്ദ്രം ഡയറക്ടർ ഡോ. അനിതാ കരുൺ ഉദ്ഘാടനംചെയ്തു. പ്രസ് ക്ലബ്ബ് പ്രസിഡൻറ് ടി.എ.ഷാഫി അധ്യക്ഷനായിരുന്നു. മുതിർന്ന ശാസ്ത്രജ്ഞരായ ഡോ. സി.തമ്പാൻ, ഡോ. കെ.മുരളീധരൻ, കേന്ദ്രസർവകലാശാലാ അധ്യാപകൻ ദിലീപ് ദിവാകർ തുടങ്ങിയവർ സംസാരിച്ചു.

സിനിമ